LIBRARY ARCHIVES Kerala Legislative Assembly

തൊടുപുഴ ന്യൂമാൻ കോളേജ് അദ്ധ്യാപകന്റെ കൈവെട്ടിമാറ്റിയ സംഭവത്തെ കുറിച്ച് പോലീസ് അന്വേഷണം

3 (4606) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ ന്യൂമാൻ കോളേജ് അദ്ധ്യാപകന്റെ കൈവെട്ടിമാറ്റിയ സംഭവത്തെക്കുറിച്ച് നടത്തിയ അന്വേഷണത്തിൽ പോലീസ് എന്തൊക്കെ വസ്തുതകളാണ് കണ്ടെത്തിയിട്ടുള്ളത് ;

(ബി) ഈ സംഭവത്തിൽ ഭീകര സംഘടനകളുടെ ഗൂഢാലോചന ഉള്ളതായി വെളിവായിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ഈയിടെയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭീകര പ്രവർത്തനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) ഇത്തരം ദേശവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക അന്വേഷണ വിഭാഗത്തെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൊടുപുഴ ന്യൂമാൻ കോളേജ് അദ്ധ്യാപകന്റെ കൈപ്പത്തി വെട്ടിമാറ്റിയ സംഭവത്തോടനുബന്ധിച്ച് മൂവാറ്റുപുഴ പോലീസ് Cr. No. 704/2010 u/s 143, 147, 148, 120(B), 341, 323, 324, 326, 427, 506 (ii), 307 r/w 149 IPC and 3 of Explosive Act പ്രകാരം 7 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് പോലീസ് സൂപ്രണ്ട് ശ്രീ. റ്റി. എൻ. ഉണ്ണിരാജന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ടീം അന്വേഷണം നടത്തിവരുന്നു. ടി സംഭവത്തിൽ ജാഫർ S/o മക്കാർ മീരാൻപിള്ള, കോതമംഗലം, അഷറഫ് S/o അബ്ദുൾ റഹിമാൻ, കാലടി, എറണാകുളം, സജീർ S/o ഹംസ, കമറുദ്ദീൻ S/o അബ്ദുൾ ഖാദർ എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ടി സംഭവത്തിൽ ഉൾപ്പെട്ട പ്രതികൾ പോപ്പുലർ ഫ്രണ്ട്/എസ്.ഡി.പി.ഐ. എന്നീ സംഘടനകളിൽ ഉള്ളവരാണെന്ന് അന്വേഷണത്തിൽ മനസ്സിലായിട്ടുണ്ട്. അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നുണ്ട്.

(ബി) ഈ സംഭവത്തിൽ ഭീകരസംഘടനകളുടെ ഗൂഢാലോചന നടന്നിട്ടുണ്ടോയെന്ന വിവരവും പ്രത്യേക അന്വേഷണ സംഘം അന്വേഷിക്കുന്നുണ്ട്.

(സി) നിലമ്പൂർ റെയിൽവേ സ്റ്റേഷനിൽ ഒരു ട്രെയിനിന്റെ ബ്രേക്ക് പൈപ്പ് മുറിച്ച സംഭവം, വഞ്ചിനാട് എക്സ്പ്രസ് ട്രെയിനിൽ സ്ഫോടകവസ്തു കണ്ടെത്തിയ സംഭവം എന്നിവയെക്കുറിച്ച് അന്വേഷണം നടന്നുവരുന്നു.

(ഡി) സംസ്ഥാന ആഭ്യന്തര സുരക്ഷയെ ബാധിക്കുന്ന കേസുകൾ മാത്രം അന്വേഷിക്കുന്നതിനായി 17-7-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2333/2010/ആഭ്യന്തരം പ്രകാരം ഒരു ഇന്റേണൽ സെക്യൂരിറ്റി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് രൂപീകരിച്ചിട്ടുണ്ട്.

അദ്ധ്യാപകന്റെ കൈവെട്ടിമാറ്റിയ സംഭവം

4 (4607) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപകന്റെ കൈവെട്ടിമാറ്റിയ സംഭവത്തിൽ ഏത് സംഘടനയിലെ പ്രവർത്തകരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത സംഘടനയ്ക്ക് ഏതെങ്കിലും വിദേശ തീവ്രവാദ സംഘടനകളുമായി ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) സംസ്ഥാനത്ത് നടന്ന മറ്റു തീവ്രവാദ പ്രവർത്തനങ്ങളുമായി പ്രസ്തുത സംഘടയ്ക്ക് ഉള്ള ബന്ധത്തെ സംബന്ധിച്ച് അന്വേഷിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത സംഘടനയെ നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കോളേജ് അദ്ധ്യാപകന്റെ കൈ വെട്ടിമാറ്റിയ സംഭവത്തിൽ മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന ക്രൈം നമ്പർ 704/2010 കേസ്സിന്റെ പ്രാരംഭ അന്വേഷണത്തിൽ ടി കേസ്സിലെ പ്രതികൾ പോപ്പുലർ ഫ്രണ്ട്/എസ്.ഡി.പി.ഐ. എന്നീ സംഘടനകളിലെ പ്രവർത്തകരാണെന്ന് വെളിവായിട്ടുണ്ട്.

(ബി) പ്രസ്തുത സംഘടനകൾക്ക് ഏതെങ്കിലും വിദേശ തീവ്രവാദ സംഘടനകളുമായി ബന്ധമുണ്ടോയെന്ന് അന്വേഷണം നടത്തിവരുന്നു.

(സി & ഡി) സംസ്ഥാനത്ത് നടന്ന മറ്റ് തീവ്രവാദ പ്രവർത്തനങ്ങളുമായി പ്രസ്തുത സംഘടനയ്ക്ക് ബന്ധമുള്ളതായി ഇതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല. ഇതേ സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly